# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം 06/06/2017

ആർ.ഒ.സി. 07/17/എസ്

## സർക്കുലർ

വിഷയം:- ക്ഷേത്ര ജീവനക്കാരുടെ **2017-2018**-ലെ പൊതു സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച്.

സൂചന : 1. **27/05/2017** ലെ **ROC 5600/12/EST-1** നമ്പർ ബോർഡ് ഉത്തരവ്.

2. **22/03/2016** ലെ **ROC 87/16/EST-1** നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ 2017-2018-ലെ പൊതു സ്ഥലം മാറ്റം 2017 ജൂലൈ ഒന്ന് മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിലേയ്ക്ക് സൂചന (1) ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിൻ പ്രകാരം ജീവനക്കാരുടെ ഗ്രൂപ്പ് വിട്ടുള്ള സ്ഥലം മാറ്റങ്ങൾ 2017 ജൂൺ പതിനഞ്ചിനകം പ്രസിദ്ധീകരിക്കുന്നതാണ്. അതിൻമേലുള്ള അപ്പീൽ അപേക്ഷകൾ 2017 ജൂൺ ഇരുപത്തി രണ്ടിനകം ദേവസ്വം ബോർഡ് ആഫീസിൽ ലഭിക്കത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്. ഗ്രൂപ്പിനകത്തുള്ള സ്ഥലംമാറ്റ ഉത്തരവുകൾ 2017 ജൂൺ ഇരുപതിന് മുമ്പായി പ്രസിദ്ധീകരിക്കേണ്ടതും അവയിൻമേലുള്ള അപ്പീൽ അപേക്ഷകൾ 27.06.2017-ന് മുമ്പായി ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. സൂചന (2) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ പുറപ്പെടുവിക്കുന്ന ഗ്രൂപ്പിനകത്തുള്ള സ്ഥലം മാറ്റങ്ങളുടെ അപ്പീൽ അതോറിറ്റി അതാത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആണ് എന്ന് ഓർമ്മിപ്പിക്കുന്നു. പൊതുസ്ഥലം മാറ്റങ്ങൾ സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമേ ഡെപ്യൂട്ടി ദേവസ്വംകമ്മീഷണർമാർ അപ്പീൽ അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുവാൻ പാടുള്ളൂവെന്ന് വ്യക്തമാക്കുന്നു. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥൻ നിയമ വിരുദ്ധമായ എന്തെങ്കിലും നിലപാട് കൈക്കൊണ്ടിരുന്നതായി ഏതെങ്കിലും കേസ്സിൽ കോടതി നിരീക്ഷണം ഉണ്ടാകുന്ന പക്ഷം ആ കേസ്സ് നടത്തിപ്പിന് ദേവസ്വം ബോർഡിന് ഉണ്ടാകുന്ന ചെലവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതും അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

ദേവസ്വം കമ്മീഷണർ

RA